കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചോറോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി പി15/303/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട് ജില്ല
Phone: 04952371012
Email:- dokkd.ksad@kerala.gov.in

തീയതി:23.03.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചോറോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചോറോട് ഗ്രാമപഞ്ചായത്ത് -2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.കെ.ഡി.പി15/303/2019 തിയ്യതി:23.03.2019

കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31-03-2017 മുതൽ 31.3.18 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സതീഷ് മാവേലിപുത്തൻവീട്,ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.02.2019 മുതൽ 26.2.19 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | |
| | ബാലസുബ്രഹ്മണ്യൻ.എ.കെ, | ഓഡിറ്റ് ഓഫീസർ |
| | ശ്യാംജിത്ത്.എം, | അസി.ഓഡിറ്റ് ഓഫീസർ |
| | സതീഷ് കുമാർ.സി.പി, | അസി.ഓഡിറ്റ് ഓഫീസർ |
| | ഡാനിഷ്.എ.സെഡ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.നളിനി.കെ.കെ | 01.04.2016 - 31.03.2017 |
| സെക്രട്ടറി | ശ്രീ.ഗോപിനാഥൻ.പി.<br>അസി സെക്രട്ടറി (അധിക ചുമതല) | 01.04.2017 - 5.05.2017 |
| | ശ്രീ.കെ.കെ.ഹരീന്ദ്രൻ | 06.05.2017 - 31.05.2017 |
| | ശ്രീ.ഗോപിനാഥൻ.പി.<br>അസി സെക്രട്ടറി (അധിക ചുമതല) | 1.06.2017 - 28.01.2018 |
| | ശ്രീ.ദിനേശൻ.കെ.കെ | 29.01.2018 – 31.03.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.നീതു പ്രഭാകർ | 01.04.2017 – 31.03.2018 |
| വെറ്റിനറി സർജൻ | ഡോ.അബ്ദുൾ ജലീൽ | 01.04.2017 – 31.03.2018 |
| മെഡിക്കൽ ഓഫീസർ.പി.എച്ച്.സി. | ഡോ.പി.സുരേഷ്ബാബു. | 01.04.2017 – 23.07.2017 |
| | ഡോ.ഡെയ്സി ഗോർ. | 23.08.2017 – 31.03.2018 |

| | | |
|---|---|---|
| അസി.എഞ്ചിനിയർ | ശ്രീമതി.സിമി ഭാസ്കർ | 01.04.2017 - 31.03.2018 |
| ഐ.സി.ഡി. എസ്. സൂപ്പർ വൈസർ | ശ്രീമതി.പുഷ്പലത.പി | 01.04.2017 - 31.03.2018 |
| ഫിഷറീസ് ഓഫീസർ | ശ്രീ.അനിൽ കുമാർ കെ എം | 01.04.2017 - 31.03.2018 |
| ഹെഡ് മാസ്റ്റർ | ശ്രീ.ഗോപിനാഥൻ.കെ.ടി. | 01.04.2017 - 31.03.2018 |
| അസി.സെക്രട്ടറി | ശ്രീ.ഗോപിനാഥൻ.പി.<br>അസി സെക്രട്ടറി | 01.04.2017 – 31.03.2018 |
| വി.ഇ.ഒ. | ശ്രീ.സുനീഷ്.ടി. | 01.04.2017 – 31.03.2018 |
| | ശ്രീ.വിപിൻദാസ്.പി.വി | 01.04.2017 – 31.03.2018 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | പൊതുഅവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | പഞ്ചായത്ത് റോഡിൽ വിള്ളലുകൾ വീണ മതിലിന് മുകളിൽ സ്വകാര്യവ്യക്തിയുടെ പാലം | 2-1 |
| 14 | ഡി ആന്റ് ഒ. ലൈസൻസ് – അപാകത | 2-2 |
| 15 | തൊഴിൽ നികുതി- അപാകതകൾ | 2-3 |
| 16 | രശീത് അപാകതകൾ | 2-4 |

| | | |
|---|---|---|
| 17 | വസ്തുനികുതി ഈടാക്കിയതിലെ അപാകത | 2-5 |
| 18 | പെർമിറ്റിൽ അനുവദിച്ച അളവിനേക്കാശ കൂടുതൽ അളവിന് വസ്തു നികുതി ഈടാക്കി | 2-6 |
| | ഭാഗം 3 | |
| 19 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രൊജക്ടുകളിലെ അപാകതകൾ | 3-1 |
| 20 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-2 |
| 21 | കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തവരിൽ നിന്നും സൈക്കിൾ വാങ്ങിയില്ല | 3-3 |
| 22 | എസ്.എസ്.എ. അപാകതകൾ | 3-4 |
| 23 | വിദ്യാഭ്യാസ മേഖലയിലെ പ്രൊജക്ടുകൾ ഇരട്ടിപ്പ് വരുന്നില്ലെന്ന് ഉറപ്പു വരുത്തുന്നില്ല. | 3-5 |
| 24 | വിവാഹധനസഹായം നൽകുന്നതിൽ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല | 3-6 |
| 25 | ആട് വിതരണം -കൈപ്പറ്റ് രശീതി വാങ്ങി സൂക്ഷിച്ചില്ല. | 3-7 |
| 26 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ – അപാകതകൾ | 3-8 |
| 27 | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ – അപാകതകൾ | 3-9 |
| 28 | തനത് ഫണ്ടിൽ നിന്നുള്ള കണ്ടിജന്റ് ചെലവുകൾ- അപാകതകൾ | 3-10 |
| 29 | മുൻകൂറുകൾ വർഷങ്ങളായി ക്രമീകരിക്കുന്നില്ല | 3-11 |
| 30 | ശമ്പളപരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 3-12 |
| | ഭാഗം -4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 38 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് 29.3.17 ലെ 45/17 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 28.3.18 ലെ 1/18(1) നം തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.18 | 25.5.18 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.6.18, 26.6.18 | കെഎസ്എ.കെകെഡി/ ഇ2/1111 /2018(14) Dt09.07..18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 38653874 |
| വരവ് | 81018390 |
| ആകെ | 119672264 |
| ചെലവ് | 104074478 |
| നീക്കിയിരിപ്പ് | 15597786 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 20992241 | 20992241 | 14998410 | 5993831 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 1500084 | 1500084 | 1176287 | 323797 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 3547000 | 3547000 | 3456435 | 90565 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 4239000 | 4239000 | 1828090 | 2410910 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 13596017 | 13596017 | 8840729 | 4755288 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 2435843 | 2435843 | 2168467 | 267376 |
| സാക്ഷരത | | 2252 | 0 | 2252 | 0 | 2252 |
| ദുരിതാശ്വാസനിധി | | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 9609294 | 9609294 | 9609294 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 32451 | 1855296 | 188747 | 1385027 | 502720 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| mp fund | | 406199 | 669756 | 1075955 | 1056724 | 19231 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക്പഞ്ചായത്ത് | 0 | 1788020 | 1788020 | 905520 | 882500 |
| | ജില്ലാപഞ്ചായത്ത് | 435429 | 187500 | 622929 | 93750 | 529179 |
| | ട്രഷറി അക്കൗണ്ട് പ്രകാരം | 0 | 1975520 | 1975520 | 1793520 | 182000 |
| ബി ഫണ്ട് | | | 58485420 | 58485420 | 58485420 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 39438 | 12887000 | 12926438 | 4136418 | 8790020 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 373921<br>1663218 | 4945844<br>11150798 | 5319765<br>12814016 | 4763536<br>8600396 | 556229<br>4213620 |
| | ട്രഷറി അക്കൗണ്ട് | 31077281 | 15070780 | 46148061 | 44478118 | 1669943 |
| മറ്റിനം | | | | | | |
| സമ്പൂർണ്ണ ശുചിത്വം | | 115319 | 122736 | 238055 | 118335 | 119720 |
| എംഎൻ ലക്ഷം വീട് | | 51816 | 2073 | 53889 | 0 | 53889 |
| epayment tax sbt | | 6877 | 10581 | 17458 | 3116 | 14342 |
| ssa | | 2271 | 91 | 2362 | 0 | 2362 |
| oap | | 3289 | 155 | 3444 | 0 | 3444 |
| grant fund | | 87883 | 3515 | 91398 | 0 | 91398 |
| ജലനിധി | | 4683869 | 18753800 | 23437669 | 15378419 | 8059250 |
| bpl canara bank | | 109 | 316 | 425 | 158 | 267 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 172 | 79206987 | 91 | 39214332 | 17 | 44 | 46.51% |

79206987 രൂപ വകയിരുത്തി 172 പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയതിൽ 108 പ്രൊജക്ടുകളാണ് നടപ്പാക്കിയത്. ഗുണഭോക്തൃവിഹിതമടക്കം 39214332 രൂപ ചെലവഴിച്ചു. ഇതിൽ തന്നെ 17 പ്രൊജക്ടുകൾക്ക് ഭാഗികമായി മാത്രമാണ് തുക ചെലവഴിച്ചത്. ആകെ വകയിരുത്തിയ തുകയുടെ 49.51% തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ശേഷിക്കുന്ന ഗ്രാന്റ് തുക കൃത്യമായ ആസൂത്രണത്തിന്റെയും മോണിട്ടറിംഗിന്റെയും അഭാവത്തിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമായ തുക , വിനിയോഗിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിട്ടും നഷ്ടപ്പെടാൻ കാരണമായത് കാര്യക്ഷമമവും സമയബന്ധിതവുമായ പദ്ധതി പ്രവർത്തനങ്ങളുടെ അഭാവത്തിലാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യം പരിശോധിക്കപ്പെടേണ്ടതും വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 32451 | 1855296 | 188747 | 1385027 | 502720 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 9609294 | 9609294 | 9609294 | |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 52320 | 99 |
| കർഷകതൊഴിലാളി പെൻഷൻ | 6177400 | 528 |
| വിധവാപെൻഷൻ | 15593100 | 1296 |
| വാർദ്ധക്യകാലപെൻഷൻ | 28549100 | 2207 |
| വികലാംഗപെൻഷൻ | 5413200 | 486 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 960000 | 32 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1737300 | 148 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.2.19 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 34962/- രൂപയുടെ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

(1)ചെക്കുകൾ നല്കിക്കഴിഞ്ഞാൽ ആയത് പണമാക്കുന്നത് വരെ നിരീക്ഷിക്കുകയോ നിശ്ചിത കാലാവധിക്കു ശേഷം സ്റ്റേൽ ചെക്ക് വിഭാഗത്തിൽപ്പെടുത്തുകയോ ചെയ്യുന്നില്ല

(2)ചെക്ക് ആൻഡ് ഡ്രാഫ്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വരുന്ന ചെക്കുകൾ ഏത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നു എന്നോ എന്ന് പണമാക്കുന്നു എന്നോ രേഖപ്പെടുത്തുന്നില്ല

(3)പ്രോക്യൂർമെന്റ് ചട്ടങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ഒരു വർഷത്തെ ആവശ്യങ്ങൾ മുൻകൂട്ടി നിർണയിച്ച് പ്രോക്യൂർമെന്റ് പ്ലാൻ പ്രോക്യൂർമെന്റ് ബഡ്ജറ്റ് എന്നിവ ഉണ്ടാക്കിയിട്ടില്ല. വ്യത്യസ്ത നിർവ്വഹണ ഉദ്യോഗസ്ഥർ വ്യത്യസ്ത വാങ്ങൽ രീതികൾ അവലംബിക്കുന്ന രീതിയാണുള്ളത്. വാങ്ങലുകളൊന്നും തന്നെ പ്രോക്യൂർമെന്റ് കമ്മറ്റി വിലയിരുത്തുകയോ നിർദ്ദേശങ്ങൾ നല്കുകയോ ചെയ്യുന്നില്ല.

(4)സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങുന്ന ഇനങ്ങൾ ഇനം തിരിച്ച് രേഖപ്പെടുത്തി വീണ്ടും അതേയിനം വാങ്ങുമ്പോൾ കൂട്ടിച്ചേർത്ത് കൃത്യമായി എണ്ണം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഫർണിച്ചറുകൾ കമ്പ്യൂട്ടറുകൾ പോലുള്ള ആസ്തികൾ വാർഷിക കണക്കെടുപ്പ് നടത്താത്തിനാൽ നിലവിലുള്ള ആസ്തി വിവരം ലഭ്യമല്ല.

(5)നിഷ്ക്രിയമായതും പഴകി ഉപയോഗശൂന്യമായതുമായ ആസ്തികൾ കണ്ടുപിടിക്കുന്നതിനും ആയവ യഥാവിധി ഡിസ്പോസ് ചെയ്യുന്നതിനും നടപടികളെടുത്തിട്ടില്ല. ആസ്തികൾ നഷ്ടപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരമോ സ്റ്റാന്റിംഗ് കമ്മറ്റികളിൽ ആയത് ചർച്ച ചെയ്തതായോ കാണുന്നില്ല.

(6) മൂവബിൾ ഇമ്മൂവബിൾ ആസ്തികൾക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

(7) പൗരാവകാശ രേഖ പുതുക്കിയിട്ടില്ല

(8) കൃത്യമായ ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടില്ല. ജീവനക്കാരുടെ ചുമതലകളും അവരുടെ മേൽനോട്ട ചുമതലയും കൃത്യമായി രേഖപ്പെടുത്തിയ ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ആയതിനു പകരം ഓരോ ജീവനക്കാരനും സ്ഥലം മാറിപോകുമ്പോൾ ചാർജ്ജ് നൽകാനുള്ള ഉത്തരവുകൾ മാത്രമാണുള്ളത്.

(9) നികുതികൾ ,നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ ചട്ടം അനുശാസിക്കുന്ന പ്രകാരമുള്ള ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വരുമാനനഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.

((10) നിക്ഷേപ പ്രവൃത്തികൾക്ക് പണം നൽകുന്നുണ്ടെങ്കിലും പ്രവൃത്തി പുരോഗതി നിരീക്ഷിക്കുന്നില്ല

(11) വൗച്ചറുകൾ ഫയൽ ചെയ്ത് കൃത്യമായി സൂക്ഷിക്കുന്നുണ്ടെങ്കിലും പല വൗച്ചറുകളുടെയും കൂടെ സബ് വൗച്ചറുകൾ കാഷ് ബില്ലുകൾ രശീതികൾ എന്നിവ കാണുന്നില്ല

(12) മുൻകൂർ നൽകുന്ന തുകകൾ (പ്രത്യേകിച്ച് യാത്രാബത്ത മുൻകൂർ) കൃത്യസമയത്ത് ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കുകയോ ആയത് കൃത്യമായി നിരീക്ഷിക്കുകയോ ചെയ്യുന്നില്ല.

(13) അസാധാരണ ചെലവുകൾ കൃത്യമായി നിരീക്ഷിക്കുന്നില്ല. അസാധാരണ ചെലവുകൾ മറ്റു ഭരണ ചെലവുകൾ എന്ന പേരിലാണ് ബുക്ക് ചെയ്യുന്നത്

(14) പ്രതിദിന വരവുകൾ മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ കൃത്യമായി പരിശോധിക്കുന്നില്ല.

(15)വൗച്ചറുകളിൽ അനുബന്ധമായി സൂക്ഷിക്കേണ്ട രേഖകൾ സൂക്ഷിക്കുന്നില്ല, പലതിലും പരിശോധനകൾ നടത്താതെയാണ് തുക അനുവദിക്കുന്നത്.

മേൽക്കാര്യങ്ങൾ പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിച്ച വിവരം അറിയിക്കേണ്ടതാണ്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | നടത്തിയ തീയതി | കാലയളവ് | |
| പെർഫോമൻസ് ഓഡിറ്റ് | 22.12.18 | 11/2018 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.7.16 – 23.7.16 | 2011-12,2015-16 | NO LBA(HQ) V1/8A 2476/93 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെച്ചേർത്തവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. പഞ്ചായത്ത് 2017-18 വർഷം നൽകിയ കാലാവധി കഴിഞ്ഞ 15 ചെക്കുകൾ (8444 രൂപ) ഉണ്ടെങ്കിലും ആയത് ലയബിലിറ്റി ഇൻ റെസ്പെക്റ്റ് ഓഫ് സ്റ്റെയിൽ ചെക്ക് എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.
2. പഞ്ചായത്ത് തനത് ഫണ്ടിലേയ്ക്ക് വരവ് വന്ന ചെക്കുകളിൽ കാലാവധി കഴിഞ്ഞ 09.07.2012 ലെ ചെക്ക് നമ്പർ jk 80077 ന്റെ തുകയായ 942 രൂപ നാളിതുവരെയായി പണമായി മാറിയിട്ടില്ല. ആയത് അക്കൗണ്ടിൽ ബന്ധപ്പെട്ട ശീർഷകത്തിൽ ചേർത്തിട്ടില്ല.
3. വസ്തുനികുതി സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ തുകകൾ വാർഷിക കണക്കുകളിലെ ബന്ധപ്പെട്ട ശീർഷകങ്ങളുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കുകളിൽ വസ്തുനികുതി (തൻവർഷം) ഡിമാന്റായി കാണിച്ചിരിക്കുന്നത് 4237809/- രൂപയാണ്. എന്നാൽ സഞ്ചയ പ്രകാരം ഡിമാന്റ് 4210531/- രൂപയാണ്. വാർഷിക കണക്കുകളിൽ തൻവർഷം കളക്ഷൻ തുകയായി കാണിച്ചിരിക്കുന്നത് 3784641/- രൂപയും സഞ്ചയ പ്രകാരം 3757363/- രൂപയുമാണ്.
4. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള അരിയർ ഡിമാന്റ് തുക കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള കുടിശ്ശിക തുകയിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു.
5. പാർട്ട് ബില്ലിൽ നൽകുന്ന തുകകൾ വാർഷിക കണക്കിൽ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ശീർഷകത്തിൽ കാണിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ഫൈനൽ ബിൽ നൽകുന്ന മുറയ്ക്ക് ആസ്തികളിലേയ്ക്ക് വരവ് വെച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള വർക്ക് ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
6. ബാലൻസ് ഷീറ്റിലെ ബി.11 ഷെഡ്യൂളുമായി താരതമ്യപ്പെടുത്താൻ പറ്റുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല
7. സംയുക്ത പ്രൊജക്ടിനുള്ള ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക ബാലൻസ് ഷീറ്റിൽ ബി-4 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക ബി-17 ഷെഡ്യൂളിൽ ബന്ധപ്പെട്ട അക്കൗണ്ടിൽ നീക്കിയിരിപ്പായി കാണുന്നില്ല.
8. അഡ്വാൻസ് രജിസ്റ്റർ ഇനം തിരിച്ച് വാർഷികസംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല.
9. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം കേരളോത്സവം ഗ്രാന്റിനത്തിൽ 20000/- രൂപ വരവ് വന്നത് ചെലവഴിച്ചിട്ടില്ലെങ്കിലും ബാലൻസ് ഷീറ്റിൽ ബി-4 ഷെഡ്യൂളിൽ ചേർത്തിട്ടില്ല.
10. മറ്റ് വരവിനങ്ങളുടെ കൃത്യത പരിശോധിക്കാൻ മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ-

1.അസാധാരണ ചെലവിനങ്ങളിൽ ഉൾപ്പെടുത്തേണ്ട ചെലവുകൾ മറ്റ് ഭരണ ചെലവുകൾ എന്ന ഹെഡിലാണ് ഉൾപ്പെടുത്തുന്നത്.
2.ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി 1994275 രൂപ കെ എസ് ഇ ബിക്ക് നൽകിയിട്ടുണ്ട്. കെ എസ് ഇ ബി പ്രവൃത്തി

പൂർത്തിയാക്കി വിനിയോഗ സാക്ഷ്യ പത്രം നൽകിയിട്ടില്ല. മേൽ തുക വാർഷിക കണക്കിന്റെ ബി8 പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പഞ്ചായത്ത് റോഡിൽ വിള്ളലുകൾ വീണ മതിലിന് മുകളിൽ സ്വകാര്യ വ്യക്തിയുടെ പാലം

പഞ്ചായത്ത് പരാതി രജിസ്റ്ററും ഫയലും പരിശോധിച്ചതിൽ നാഷണൽ ഹൈവെയിൽ പെരുവാട്ടും താഴെ സിഗ്നൽ മുതൽ ഊരുവന്റവിടെക്കുള്ള, പഞ്ചായത്ത് കോൺക്രീറ്റ് ചെയ്ത വഴിയിലേക്ക് തകർന്ന് വീഴാൻ സാധ്യതയുള്ള മതിലിനെക്കുറിച്ചുള്ള നൂറിലധികം ആളുകൾ ഒപ്പിട്ട പരാതി ശ്രദ്ധയിൽപ്പെട്ടു. വഴിയുടെ ഇരുവശത്തുമുള്ള നാലു മീറ്ററിലധികം ഉയരമുള്ള മതിൽ 50 വർഷത്തിലധികം കാലപ്പഴക്കമുള്ളതാണെന്നും വിള്ളലുകൾ വീണതാണെന്നുമായിരുന്നു പരാതി. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തിയതിൽ മതിലിൽ വിള്ളലുകൾ വീണ സ്ഥലം താൽക്കാലികമായി സിമന്റ് ഉപയോഗിച്ച് അടച്ച നിലയിൽ കാണപ്പെട്ടു. റോഡിന് ഇരുവശത്തുമുള്ള കൊപ്രാക്കളങ്ങളെ ബന്ധിപ്പിച്ച് കൊണ്ട് ഏതാണ്ട് രണ്ടര മീറ്റർ ഉയരത്തിൽ റോഡിന് കുറുകെ സ്വകാര്യ വ്യക്തി പുതുതായി കോൺക്രീറ്റ് പാലം നിർമ്മിച്ചതായി കണ്ടു. നാഷണൽ ഹൈവേയിൽ നിന്നും പാലം വരെയുള്ള റോഡ് ടാറിംഗ് നടത്തിയിട്ടുണ്ട്. പാലം ഉള്ളതുകാരണം റോഡ് റോളർ കടന്നു പോകാൻ കഴിയാത്തതിനാൽ ബാക്കി ഭാഗം മാത്രമാണ് കോൺക്രീറ്റ് ചെയ്തത്.



വാഹനങ്ങൾ കടന്നു പോകാൻ തടസ്സം സൃഷ്ടിക്കുന്ന തരത്തിലാണ് പാലം നിർമ്മാണം നടത്തിയിരിക്കുന്നത്. പഞ്ചായത്ത് രാജ് നിയമത്തിനും കെട്ടിട നിർമ്മാണ ചട്ടങ്ങളെയും ലംഘിച്ചു കൊണ്ട് നടത്തിയ ഈ നിർമ്മാണത്തിനെതിരെ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. പൊതു ജനങ്ങൾ ജില്ലാ കലക്ടർക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാനും അല്ലാത്ത പക്ഷം 2005 ലെ ദുരന്ത നിവാരണ നിയമ പ്രകാരം നടപടികൾ സ്വീകരിക്കുമെന്ന കലക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് അസി.എഞ്ചിനീയർ നടത്തിയ പരിശോധന പ്രകാരം വിള്ളലുകൾ വീണ മതിൽ പൊളിച്ചു നീക്കി അറിയിക്കണമെന്ന നോട്ടീസ് നൽകുക മാത്രമാണ് ചെയ്തത്. 2016 ൽ ലഭിച്ച പരാതിയിൽ പഞ്ചായത്ത് നടപടികളാരംഭിക്കുന്നത് 2018 ൽ മാത്രമാണ്. നിയമങ്ങൾക്കും ചട്ടത്തിനും വിരുദ്ധമായി ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കുന്ന തരത്തിലും വിള്ളലുകൾ വീണ മതിലിനു മുകളിൽ അപകടാവസ്ഥയിലും നിൽക്കുന്ന പാലം പൊളിച്ചു നീക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

### 2-2 ഡി & ഓ ലൈസൻസ് - അപാകത

ഡി & ഓ അപേക്ഷകളിൽ അന്വേഷണറിപ്പോർട്ട്, സെക്ഷൻ ക്ളാർക്ക്/സൂപ്രണ്ട് എന്നിവരുടെ ശുപാർശ, സെക്രട്ടറിയുടെ തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| അപേക്ഷ നമ്പർ | പേര് | സ്ഥാപനം |
|---|---|---|
| 204 | രാജൻ.കെ | റെഡിമെയിഡ്,ഫൂട്ട് വെയർ |
| 457 | ബിഷാന്ത് | ജനസേവകേന്ദ്രം |
| 406 | ബാലൻ | പടക്ക കച്ചവടം |

| | | |
|---|---|---|
| 099 | ധന്യ.പിഎം | സോപ്പ്നിർമ്മാണം |
| 100 | ധന്യ.പിഎം | ബീഡി നിർമ്മാണം |
| 006 | അഭിലാഷ് | ഫർണിച്ചർ |
| 049 | അനിൽ കുമാർ | ഹാർഡ് വെയർ |
| 207 | ശോഭന.യു | ശാന്തി ഫുഡ് പ്രൊഡക്ട് |
| 210 | ഷിജിന | ഫ്ളോർ മില്ല് |
| 222 | ശ്രീജേഷ് | സ്റ്റീൽ,കാസ്റ്റയേൺ കച്ചവടം |

അപാകതയ്ക്ക് വിശദീകരണം ആവശ്യപെട്ട് നൽകിയ അന്വേഷണകുറിപ്പിന് (2/17-18) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് നൽകുന്നതിനു മുമ്പ് കൃത്യമായ അന്വേഷണം നടത്തി വിവരങ്ങൾ കൃത്യമാണെന്ന് ഉറപ്പു വരുത്താത്തതിനും സ്ഥാപനത്തിന് വരവു നഷ്ടത്തിനിടയാക്കാവുന്ന രീതിയിൽ മേൽനോട്ട ചുമതലകളിൽ അലംഭാവം വരുത്തുന്നതിനും മറുപടി നൽകേണ്ടതാണ്.

## 2-3 തൊഴിൽ നികുതി അപാകതകൾ

തൊഴിൽ നികുതി റിട്ടേണുകൾ,വിവിധ കംപ്ളീഷൻ പ്ലാനുകൾ എന്നിവയുടെ പരിശോധനാ വേളയിൽ താഴെ പറയുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1. അജയൻ മൂന്ന്മൂലപറമ്പത്ത്,ചക്കോളക്കണ്ടിയിൽ,മുട്ടിങ്ങൽ വെസ്റ്റ്

2. പ്രകാശൻ.ഒ.കെ, ഓലക്കണ്ടിയിൽ, മുട്ടുങ്ങൽ വെസ്റ്റ്,വടകര

3. മുഹമ്മദ് ഇഖ്ബാൽ.വി.കെ,മുട്ടിങ്ങൽ അസോസിയേറ്റ്സ്,കൈനാട്ടി

4. ഷാജി.പി,പുതിയോട്ടിൽ.ചോറോട് ഈസ്റ്റ്

5.സുധീർ.ടി, അർജ്ജുന ഹൌസ്,മുട്ടിങ്ങൽ പി.ഓ,വടകര

6. നിദീഷ്.കെ.ടി,കിഴക്കെ തയ്യിൽ,ചോറോട് പി.ഓ,വടകര

ചോറോട് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയ സെന്റർ കൈനാട്ടി,പഞ്ചായത്ത് പരിധിയിലെ വാടക കെട്ടിട ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (4/17-18) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതിയിനങ്ങൾ പൂർണ്ണമായി പിരിച്ചെടുത്തും തുടർവർഷങ്ങളിൽ ഇത്തരം അപാകത സംഭവിക്കാതിരിക്കാൻ സ്വീകരിച്ച നടപടികളും അറിയിക്കേണ്ടതാണ്.

## 2-4 രസീത് അപാകതകൾ

1. മാന്വൽ രസീതുകൾ വഴി പിരിച്ചെടുക്കുന്ന വരവ് തുകയുടെ കൃത്യത ഉത്തരവാദപെട്ട മേലുദ്ധ്യോഗസ്ഥർ പരിശോധിച്ച് ഒപ്പുവെക്കുന്നില്ല.

2. ശ്രീ.സജീവൻ ക്ലാർക്ക് ഉപയോഗിച്ച കലക്ഷൻ രജിസ്റ്ററിൽ കോളം രണ്ടിൽ നികുതിദായകരുടെ പേര് രേഖപ്പെടുത്തുന്നില്ല.

3.സ്റ്റേഷനറി നമ്പർ 0630888, 0630978, 0630598, 2779641, 0629731, 2778445, 2778446, 2779667, 2779639, 2779640, ,0629682, 0630845,എന്നീ സാംഖ്യാ രസീറ്റുകൾ രേഖപ്പെടുത്തലുകൾ വരുത്താതെയും ക്യാൻസൽ ചെയ്യാതെയും സൂക്ഷിക്കുന്നതായി കാണുന്നു.

4. 21.10.2017ലെ 117020105805 നമ്പർ ക്യാൻസൽ ചെയ്ത രസീറ്റ് നിശ്ചിത സാംഖ്യാ രസീറ്റിലല്ല സൂക്ഷിച്ചത് ആയതിന് പകരം വെള്ള കടലാസിൽ തയ്യാറാക്കിയാണ് ഉപയോഗിച്ചത്.അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് (12/17-18) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യമായ ഓഫീസ് ഉത്തരവു വഴി ചുമതലകൾ വിഭജിച്ചു നൽകേണ്ടതും ആയത് നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

## 2-5 വസ്തുനികുതി ഈടാക്കിയതിലെ അപാകത

ചോറോട് പഞ്ചായത്ത് പരിധിയിൽ 200 ച.മീ വിസ്തൃതിക്കു മുകളിൽ നിർമ്മാണം പൂർത്തീകരിച്ച വാണിജ്യ കെട്ടിടങ്ങളിലെ മുറികൾക്ക്, ഉപയോഗക്രമത്തിൽ വ്യത്യാസമില്ലെങ്കിലും ഒരോന്നിനും പ്രത്യേക നമ്പർ അനുവദിക്കുന്നുണ്ട്. ഒരു വ്യക്തിയുടെ തന്നെ കെട്ടിടത്തിലെ വിവിധ മുറികൾക്ക് ഇപ്രകാരം നമ്പർ നൽകുന്നത് വഴി നികുതി നിർണ്ണയിക്കുമ്പോൾ 200 ചതുരശ്ര മീറ്ററിനു താഴെ വരികയും നിയമപരമായി പഞ്ചായത്ത് ഫണ്ടിന് ലഭിക്കേണ്ട നികുതിയിൽ കുറവ് വരുകയും ചെയ്യുന്നു. പഞ്ചായത്ത് പരിധിയിലെ 200 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണം വരുന്ന വാണിജ്യ ആവശ്യത്തിനു ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 70/- രൂപ നിരക്കിലും 200 ചതുരശ്ര മീറ്ററിനു താഴെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50/- രൂപ നിരക്കിലുമാണ് നികുതി ഈടാക്കുവാൻ നിശ്ചയിച്ചിട്ടുള്ളത്. 2017-18 വർഷത്തിൽ പഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച് നികുതി നിർണ്ണയിച്ച 200 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണം വരുന്ന വാണിജ്യ ആവശ്യത്തിനു ഉപയോഗിക്കുന്ന കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് വിവിധ നമ്പർ നൽകി വസ്തു നികുതി ഈടാക്കിയപ്പോൾ ഓരോ ഒക്യുപ്പൻസിയുടെ വിസ്തീർണത്തിനും കുറഞ്ഞ നിരക്കായ 50/- രൂപയാണ് ഈടാക്കിയത്.

ഉദാഹരണമായി, ശ്രീ.രഞ്ജിത്ത്, വലിയപറമ്പത്ത്, ചോറോട് എന്നയാളുടെ ഉടമസ്ഥതയിലുള്ള വാർഡ് 16 ലെ 235.92 ച.മീ. വിസ്തൃതിയുള്ള കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന മൂന്ന് വ്യത്യസ്ത നമ്പറുകൾ(16/601എ,16/601ബി,16/601സി) നൽകിയപ്പോൾ ഒരോ മുറിയ്ക്കും 200 ചതുരശ്രമീറ്റർ വരെയുള്ള വാണിജ്യകെട്ടിടത്തിന്റെ നിരക്കായ 50 രൂപ അടിസ്ഥാനപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചത്. ഒരേ ഉപയോഗക്രമത്തിൽ ഉൾപ്പെടുന്നതായിട്ടും 200 ച.മീ. കൂടുതൽ വരുന്ന കെട്ടിടത്തിന്റെ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് (13/17-18)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതും നികുതി കുറവായി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് പൂർണ്ണമായും പിരിച്ചെടുത്ത് അറിയിക്കേണ്ടതാണ്.

## 2-6 പെർമിറ്റിൽ അനുവദിച്ച അളവിനേക്കാൾ കൂടുതൽ അളവിന് വസ്തു നികുതി ഈടാക്കി

ചോറോട് പഞ്ചായത്ത് 27.05.2014 ലെ ബിൽഡിംഗ് പെർമിറ്റ് നമ്പർ 2908/14 പ്രകാരം ശ്രീ.രഞ്ജിത്ത്,വലിയപറമ്പത്ത്,ചോറോട് എന്നവർക്ക് വാണിജ്യാവശ്യത്തിനായി 235.92 ച.മീ. വിസ്തൃതിയുള്ള കെട്ടിടത്തിന് അനുമതി നൽകുകയും 29.01.2016ന് പ്രസ്തുത കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിന് അപേക്ഷിക്കുകയും 16/601എ, 16/601ബി, 16/601സി എന്നിങ്ങനെ നമ്പർ അനുവദിക്കുകയുംചെയ്തിട്ടുണ്ട്. പെർമിറ്റിൽ അനുവദിക്കപെട്ട വിസ്തൃതിയേക്കാൾ 81.78 ച.മീ ന് അധികം വസ്തുനികുതി ഈടാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല. പെർമിറ്റിനേക്കാൾ അധികം വിസ്തൃതിയിൽ കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിൽ ആയത് റഗുലറൈസ് ചെയ്യാതെ വസ്തുനികുതി മാത്രം അസസ്സ് ചെയ്തത് ക്രമത്തിലല്ല.

| കെട്ടിട നമ്പർ | തറവിസ്തീർണ്ണം | ഈടാക്കിയവസ്തുനികുതി,രസീറ്റ്നമ്പർ |
|---|---|---|
| 16/601എ | 100.46 | 3165 രൂപ 118020101706 |
| 16/601ബി | 116.78 | 3678രൂപ 118020101708 |
| 16/601സി | 100.46 | 3165 രൂപ 118020101705 |
| ആകെ | 317.7 | 10008രൂപ |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് (3/17-18) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിൽ അസി.എഞ്ചിനീയറുടെ കംപ്ളീഷൻ പ്ലാൻ പരിശോധനാ വിവരങ്ങൾ, ആയത് അടിസ്ഥാനപ്പെടുത്തിയുള്ള നികുതി നിർണ്ണയ വിവരങ്ങൾ അധികം ഏരിയയ്ക്ക് നികുതി നിർണ്ണയിക്കാനുണ്ടായ സാഹചര്യം എന്നിവ വ്യക്തമാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പൊതുമരാമത്ത് പ്രോജക്ടുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾക്ക് വിശദീകരണം നല്കുന്നതിനായി ശ്രദ്ധയിൽപെടുത്തുന്നു.

1. വൈകി പൂർത്തിയാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് കരാറുകാരിൽ നിന്നും പിഴ ഈടാക്കുന്നില്ല:-

താഴെപ്പറയുന്ന പ്രവൃത്തികളുടെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ , പേര് | തൻവർഷം വകയിരുത്തിയ തുക (രൂ) , ചെലവഴിച്ച തുക (രൂ) , ഫണ്ട് | ട്രഷറി ബിൽ നമ്പർ /ചെക്ക് നമ്പർ , തിയ്യതി, തുക (രൂ) | ടി.എസ് നമ്പർ , പൂർത്തീകരണ കാലയളവ് , പി.എ.സി തുക (രൂ) | എഗ്രിമെന്റ് നമ്പർ , തിയ്യതി | എം ബുക്ക് നമ്പർ | എം ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി , TVW | പ്രവൃത്തി പൂർത്തീകരിച്ച അക്രഡിറ്റഡ് ഏജൻസി |
|---|---|---|---|---|---|---|---|---|
| 1. | എസ്.ഒ029/18, ഇല്ലത്ത്മുക്ക്-കേളോത്ത്കണ്ടിമുക്ക് റോഡ് പരിഷ്കരണം | 296000 രൂ , 295929 രൂ , MG (R) | 53/17-18 , 23.2.18 , 295929 രൂ | 29667/16-17 , 6 മാസം, 369000 രൂ | ae/lsgd/ cp-17/ 16-17 തിയ്യതി 3.1.17 | 4/17-18 | 28.12.17 , 369929 രൂ | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (ULCCS) |
| 2. | എസ്.ഒ040/18, പൊതുജന വായനശാല എൽ.പിസ്കൂൾറോഡ് സോളിങ് , മെറ്റലിങ് , ടാറിങ് | 192000 രൂ, 192000 രൂ, ലോകബാങ്ക് ധനസഹായം, | 19/17-18, 12.1.18, 24986 രൂ 20/17-18, | 32162/16-17, 4 മാസം, 239712 രൂ | ae/lsgd/ cp-18 /16-17 തിയ്യതി 3.1.17 | 1/17-18 | 4.12.17, 240000 രൂ | ULCCS |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | തനത് ഫണ്ട് | 30.12.17,<br>147014 രു<br>(ലോക ബാങ്ക്ധന സഹായം)<br>ചെക്ക് നമ്പർ<br>9726177 ,<br>27.3.18,<br>20000 രു<br>(തനത് ഫണ്ട്) | | | | | | |
| 3. | എസ്.ഒ 043/18,<br>ചെട്ട്യാംവീട്ടിൽ മണ്ണോടംകണ്ടി<br>റോഡ് | 432000 രു,<br>431801 രു,<br>ലോകബാങ്ക്<br>ധനസഹായം | 18/17-18,<br>30.12.17,<br>431801 രു | 60599/16-17,<br>3 മാസം,<br>539436 രു | ae/lsgd /33/<br>16-17<br>തിയ്യതി 2.2.17 | 2/17-18 | 18.11.17,<br>539801 രു | ULCCS |
| 4 | എസ്.ഒ045/18,<br>പൊതുവാന്റവിടമുക്ക്-കേളോത്ത്കണ്ടിറോഡ് | 216000 രു,<br>215480 രു,<br>ലോകബാങ്ക്<br>ധനസഹായം | 17/17-18,<br>30.12.17,<br>215480 രു | 65254/16-17,<br>3 മാസം,<br>269210 രു | ae/lsgd/32/<br>16-17<br>തിയ്യതി 2.2.17 | 3/17-18 | 18.12.17,<br>269480 രു | ULCCS |
| 5. | എസ്.ഒ 027/18,<br>കര്യാടി എൽ.പി.എസ്<br>നവീകരണം | 240000 രു<br>211342 രു,<br>MG(NR) | 29/17-18,<br>12.1.18,<br>211342 രു | 54098/16-17,<br>4 മാസം,<br>280248 രു | 15/16-17,<br>30.12.16 | 95/16-17 | 23.6.17,<br>271342 രു | ഗു.ഭോ സമിതി<br>പ്രവൃത്തി.<br>കൺവീനർ<br>ശ്രീ.പി.പി.<br>രമേഷ് ബാബു |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| 6. | 42/18,<br>69ാം-നമ്പർ അങ്കണവാടി റോഡ്<br>സോളിങ്,മെറ്റലിങ്,ടാറിങ് | 264443 രൂ,<br>237899 രൂ,<br>ലോകബാങ്ക് ധനസഹായം | 28/17-18,<br>30.12.17,<br>222899 രൂ | 32161/16-17,<br>4 മാസം,<br>346979 രൂ | ae/lsgd/<br>cp-28/<br>16-17<br>തിയ്യതി<br>3.1.17 | 8/17-18 | 8.12.17,<br>300009 | ULCCS |
| 7. | എസ്.ഒ041/18,<br>ചാലുപറമ്പത്ത് - കുറുക്കൻ കുന്ന് റോഡ് സോളിങ്,<br>മെറ്റലിങ്,ടാറിങ് | 560000 രൂ,<br>540003 രൂ,<br>ലോകബാങ്ക് ധനസഹായം | 21/17-18,<br>30.12.17,<br>540003 രൂ | 25720/16-17,<br>5 മാസം,<br>698903 രൂ | ae/lsgd/<br>cp-21/<br>16-17<br>തിയ്യതി<br>3.1.17 | 92/16-17 | 9.11.17,<br>680003 രൂ | ULCCS |
| 8. | എസ്.ഒ28/18,<br>മലയിൽമുക്ക്-പുതിയോട്ടിൽതാഴ റോഡ് പരിഷ്ക്കരണം | 560000 രൂ,<br>487318 രൂ,<br>MG(R) | (1) 11/17-18,<br>28.9.17,<br>361831 രൂ.<br>(2) 48/17-18,<br>17.2.18,<br>125487 രൂ | 29584/16-17,<br>4 മാസം,<br>699106 രൂ | ae/lsgd/<br>cp-19/<br>16-17<br>തിയ്യതി<br>3.1.17 | 65/16-17 | 9.6.17,<br>501831 രൂ | ULCCS |

കരാർ പ്രകാരമുള്ള കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാർ എ.ഇ മുഖേന അപേക്ഷ സമർപ്പിച്ചിട്ടില്ല. ജി.ഒ.(പി)13/2012/PWD/തിയ്യതി 1.2.2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ, സെക്ഷൻ 2112 -1 പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് പ്രവൃത്തി പൂർത്തീകരിച്ച അക്രിഡറ്റഡ് ഏജൻസിക്ക്/ഗുണഭോക്തൃ സമിതി കൺവീനർക്കും ഫൈനൽ ബിൽ തുക അനുവദിച്ചത്. സർക്കാർ ഉത്തരവ് പ്രകാരമുള്ള ഉചിതമായ പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

2. <u>പ്രോജക്ട് രേഖകൾ സൂക്ഷിക്കുന്നതിലെ അപാകത :-</u>

പൊതുമരാമത്ത് ഫയലുകൾക്കൊപ്പം താഴെപ്പറയുന്ന സുപ്രധാന രേഖകളൊന്നും തന്നെ സൂക്ഷിക്കുന്നില്ല.

(i) എസ്റ്റിമേറ്റ് റിപ്പോർട്ട്

(ii) സെലക്ഷൻ നോട്ടീസ് പകർപ്പ്

(iii) സൈറ്റ് ഹാൻഡ് ഓവർ അക്ക്നോളജ് മെന്റ്

(iv) പ്രോജക്റ്റ് കംപളീഷൻ സർട്ടിഫിക്കറ്റ്

(v) പൊതുമരാമത്ത് വർക്കിങ് ഗ്രൂപ്പ് നടത്തുന്ന പ്രോജക്റ്റ് മോണിറ്ററിങ് റിപ്പോർട്ട്

3. പ്രോജക്റ്റ് പൂർത്തീകരണ കാലാവധി വ്യക്തമാക്കാതെ കരാർ വെച്ച് പ്രോജക്റ്റുകൾ നടപ്പാക്കുന്നു.

പ്രോജക്റ്റ് രേഖകളിലോ , കരാറിലോ , ടി.എസ് രേഖകളിലോ എവിടേയും പ്രവൃത്തി പൂർത്തീകരണ കാലയളവ് പരാമർശിക്കാതെയാണ് പൊതുമരാമത്ത് പ്രവൃത്തികൾ കരാറുകാരന്/കൺവീനർക്ക് ചുമതലപ്പെടുത്തി നൽകിയത്. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| SN | പ്രോജക്റ്റ് നമ്പർ, പേര് | വകയിരുത്തിയ തുക, ഫണ്ട് | ചെലവഴിച്ച തുക | ട്രഷറി ബിൽ നമ്പർ, ചെക്ക് നമ്പർ, തുക (രൂ) | എഗ്രിമെന്റ് നമ്പർ, തിയ്യതി | എം.ബുക്ക് നമ്പർ, TVW, പൂർത്തീകരിച്ച തിയ്യതി | കരാറുകാരൻ |
|---|---|---|---|---|---|---|---|
| 1. | എസ്.ഒ 114/18, തൊട്ടുവയൽ ടാറിങ് | 610000 രൂ, വികസന ഫണ്ട്, തനത് ഫണ്ട് | 379675 രൂ (വികസനഫണ്ട്), 226318 രൂ (തനത്ഫണ്ട്) | 35/17-18, 12.1.18, 152500 രൂ 58/17-18, 13.3.18, 227175 രൂ --- ചെക്ക് നമ്പർ 9726179 27.3.18 , 226318 രൂ | ae/lsgd/ cp-3/17-18 തിയ്യതി 17.7.17 | 28/17-18, 588343 രൂ, 24.1.18 | ULCCS |
| 2. | 089/18, ഉമ്മറച്ചീന്റവിട ചെട്ട്യാംകണ്ടിമുക്ക് റോഡ് ടാറിങ് | 6 ലക്ഷം രൂ, ധനകാര്യ കമ്മീഷൻ അവാർഡ് | 594547 രൂ | 65/17-18, 28.3.18, 594547 രൂ | ae/lsgd/ cp-20/ 17-18, തിയ്യതി 21.7.17 | 17/17-18, 594547 രൂ, 17.3.18 | ULCCS |
| 3. | 113/18, പള്ളിയറവീട്ടിൽ വെള്ളികുളങ്ങര റോഡ് ടാറിങ് | 10 ലക്ഷം രൂ , വികസനഫണ്ട് | 872378 രൂ | 36/17-18, 12.1.18, 250000 രൂ 59/17-18, | ae/lsgd/ cp-11/17-18 തിയ്യതി 21.7.17 | 22/17-18, 872378 രൂ, 23.2.18 | ULCCS |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 13.3.18, 622378 രൂ | | | |
| 4. | 107/17-18, എരഞ്ഞോളി മീത്തൽ അമ്പലക്കുളം റോഡ് ടാറിങ് | 510000 രൂ, ധന:കമ്മീഷൻ അവാർഡ് | 498956 രൂ | 39/17-18, 12.1.18, 127500 രൂ 66/28.3.18, 371456 രൂ | ae/lsgd/ cp-5/17-18 തിയ്യതി 17.7.17 | 18/17-18, 498956 രൂ, 1.3.18 | ULCCS |
| 5. | 100/18, തയ്യുള്ളതിൽ മുക്ക് - വയലോട്ട്താഴ റോഡ് ടാറിങ് | 5 ലക്ഷം രൂ, MG(R) | 497404 രൂ | 41/17-18, 12.1.18, 125000 രൂ, 54/17-18, 23.2.18, 372404 രൂ | ae/lsgd/ cp-6/17-18 തിയ്യതി 21.7.17 | 10/17-18, 497404 രൂ, 19.1.18 | ULCCS |
| 6. | 105/18, കുറവാച്ചിക്കണ്ടി സരസ്വതീവിലാസം എൽ.പിസ്കൂൾ റോഡ് ടാറിങ് | 470000 രൂ, ധന:കമ്മീഷൻ അവാർഡ് , തനത്ഫണ്ട് | 442000 രൂ (ധന: അവാർഡ്) 24738 രൂ (തനത്ഫണ്ട്) | 60/17-18, 13.3.18, 324500 രൂ. 40/17-18, 12.1.18, 117500 രൂ. ചെക്ക് നമ്പർ 9726180 തിയ്യതി 27.3.18, 24738 രൂ. | ae/lsgd/ cp-10/17-18 തിയ്യതി 21.7.17 | 15/17-18, 466738 രൂ, 3.2.18 | ULCCS |

മേൽ പരാമർശിച്ച പ്രോജക്ടുകളുടെ പൂർത്തീകരണ കാലയളവുകൾ പരിശോധിച്ച് നിശ്ചിത സമയപരിധിക്കകം പൂർത്തിയാക്കിയിട്ടില്ലെങ്കിൽ പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

4. റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല.

5. പ്രോജക്ടുകളുടെ ഡാറ്റ പരിശോധനക്ക് ലഭിച്ചിട്ടില്ല

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ ഡാറ്റ പരിശോധനക്ക് ലഭിച്ചില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ, തിയ്യതി | വകയിരുത്തിയ തുക (രൂ), ഫണ്ട് | ചെലവഴിച്ച തുക (രൂ) | ട്രഷറി ബിൽ നമ്പർ ,തിയ്യതി,തുക (രൂ) | എം.ബുക്ക് നമ്പർ | പൂർത്തീകരിച്ച ആകെ പ്രവൃത്തി മൂല്യം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | (രൂ) |
| 1. | എസ്.ഒ 019/18, 72ാംനമ്പർ അങ്കണവാടി പരിഷ്കരണം | 240000 രൂ, MG-(NR) | 172851 രൂ | 13/17-18, 17.10.17, 172851 രൂ | 97/16-17 | 232851 രൂ |
| 2. | എസ്.ഒ 022/18, 64ാംനമ്പർ അങ്കണവാടി പരിഷ്കരണം | 159915 രൂ, MG-(NR) | 30206 രൂ | 47/17-18, 19.1.18, 30206 രൂ | 75/16-17 | 120291 രൂ |
| 3. | എസ്.ഒ 027/18, കുര്യാടി എൽ.പി.എസ് നവീകരണം | 240000 രൂ, MG-(NR) | 211342 രൂ | 29/17-18, 12.1.18, 211342 രൂ | 95/16-17 | 271342 രൂ |
| 4. | 18/18 , 73ാംനമ്പർ അങ്കണവാടി നവീകരണം | 160000 രൂ, MG-(NR) | 120556 രൂ | 30/17-18, 12.1.18, 120556 രൂ | 96/16-17 | 160556 രൂ |

പ്രവൃത്തികളുടെ ഡാറ്റ ഹാജരാക്കാത്തതിനാൽ അർഹമായ നിരക്കാണോ അനുവദിച്ചത് എന്ന് പരിശോധിക്കാനായിട്ടില്ല.

6. ചെലവ് വിശദാംശങ്ങൾ പരിശോധനക്ക് ലഭിച്ചില്ല.

അസിസ്റ്റന്റ് എഞ്ചിനീയറുടെ ട്രഷറി ബിൽ ബുക്ക് പ്രകാരമുള്ള താഴെപ്പറയുന്ന ചെലവിന്റെ ആധികാരികത ഉറപ്പു വരുത്തുന്നതിനുള്ള രേഖകളൊന്നും ഹാജരാക്കിയില്ല.

| ട്രഷറി ബിൽ നമ്പർ ,തിയ്യതി | തുക (രൂ) |
|---|---|
| 61/17-18 , 21.3.18 | 3506 |
| 62/17-18, 21.3.18 | 3763 |

| | |
|---|---|
| 63/17-18, 21.3.18 | 9000 |

മേൽ തുകകൾ ജി.എസ്.ടി കോമ്പൻസേഷൻ എന്ന ഇനത്തിൽ ചെലവഴിച്ചതാണ്. ചെലവ് തുക സാധൂകരിക്കത്തക്ക രേഖകൾ ഹാജരാക്കേണ്ടതാണ്.

7. സോളിങ് മാത്രമായി റോഡ് പ്രവൃത്തി പൂർത്തീകരിച്ചു.

2017-18 വർഷത്തിൽ പൂർത്തീകരിച്ച താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 030/18 |
| പ്രോജക്ട് | മുട്ടുങ്ങൽ പാറ – ശിശുമന്ദിരം - ബീച്ച്റോഡ് സോളിങ് |
| വകയിരുത്തിയ തുക | 315000 രൂ |
| ചെലവഴിച്ച തുക | 307135 രൂ |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ട്രഷറി ബിൽ നമ്പർ | 9/17-18 തിയ്യതി 27.9.17 , 307135 രൂ |
| എം.ബുക്ക് നമ്പർ | 94/16-17 |
| എം.ബുക്ക് പ്രകാരം പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 307135 രൂ |
| കരാറുകാരൻ | ULCCS |

ആകെ 200 മീറ്റർ നീളത്തിൽ സബ് ഗ്രേഡ് നിർമ്മാണം, 140 മീറ്റർ നീളത്തിൽ ഗ്രാന്യുലാർ സബ് ബേസ് പ്രവൃത്തി , 255 മീറ്റർ നീളത്തിൽ WBM പ്രവൃത്തി എന്നീ ഇനങ്ങളാണ് മേൽ പ്രൊജക്ട് പ്രകാരം നിർവ്വഹിച്ചിട്ടുള്ളത്. തികച്ചും ഭാഗികമായി എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് റോഡ് പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത്. സബ് ഗ്രേഡ് നിർമ്മാണം, സോളിങ് എന്നിവ മാത്രം ഉൾപ്പെടുത്തി റോഡ് പ്രവൃത്തി നടപ്പാക്കിയത് ഏത് സ്പെസിഫിക്കേഷൻ പ്രകാരമാണെന്ന് വ്യക്തമല്ല. കൂടാതെ 2018-19 വർഷത്തിൽ അസി. എഞ്ചിനീയർ നടപ്പാക്കുന്ന പ്രവൃത്തികളുടെ ഐ.കെ.എം ചെലവ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ മേൽ പ്രവൃത്തിയുടെ തുടർച്ചയായി ടാറിങ് പ്രവൃത്തികളൊന്നും 2018-19 വർഷത്തിൽ വിഭാവനം ചെയ്ത് നടപ്പാക്കിയിട്ടില്ല എന്ന് കാണുന്നു. സോളിങ് ചെയ്ത് രണ്ട് വർഷത്തിനു ശേഷം ടാറിങ് ചെയ്യുമ്പോഴേക്കും അതുവരെ ചെയ്ത പ്രവൃത്തികൾ വൃഥാ ചെലവായി മാറുമെന്നതിനാൽ ഭാഗികമായ ഇത്തരം പ്രവൃത്തികൾ ഒഴിവാക്കേണ്ടതാണ്. പ്രവൃത്തിയുടെ നിലവിലെ അവസ്ഥ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-2 കൃഷിഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

കാർഷിക പ്രോജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(i)

| | |
|---|---|
| പ്രോജക്ട് നമ്പർ | 111/18 |
| പ്രോജക്ട് | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി |
| വകയിരുത്തിയ തുക (വികസന ഫണ്ട്) | 25500 രൂ |
| ചെലവഴിച്ച തുക | 18020 രൂ |
| വകയിരുത്തിയ (ബ്ലോക്ക് വിഹിതം) | 25500 രൂ |

| | |
|---|---|
| ചെലവഴിച്ച തുക | 18020 രൂ |
| ട്രഷറി ബിൽ നമ്പർ (വികസന ഫണ്ട് വിഹിതം),<br>തിയ്യതി , തുക (രൂ) | ട്രഷറി ബിൽ സീരിയൽ നമ്പർ 18 /22.3.18,13158 രൂ<br>22/22.3.18, 4862 രൂ |
| ചെക്ക് നമ്പർ (ബ്ലോക്ക് വിഹിതം),<br>തിയ്യതി,തുക | ചെക്ക് നമ്പർ 1565306 രൂ , 31.3.18, 18020 രൂ |

1. ആകെ 18 കർഷകരുടെ ബാങ്ക് അക്കൌണ്ടുകളിലേക്കാണ് വികസനഫണ്ടിൽ നിന്നും ആകെ 18020 രൂ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്. തുകകൾ അതാത് ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേക്ക് കൈമാറിയത് ബാങ്ക് അധികൃതർ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

2. ബ്ലോക്ക് വിഹിതമായ 18020 രൂ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭിച്ചിട്ടില്ല.
3. കർഷകർ വിള ഇൻഷുറൻസ് അടച്ചതിന്റെ രേഖകളൊന്നും പരിശോധനക്ക് ലഭിച്ചിട്ടില്ല.

4. വികസനകാര്യസ്റ്റാൻഡിങ് കമ്മിറ്റിയുടെ 19.3.2018 തിയ്യതിയിലെ 52/18 നമ്പർ തീരുമാനം ക്രമനമ്പർ 9 പ്രകാരം " നെൽകൃഷി കൂലിച്ചെലവ് സബ്സിഡി - ഗുണഭോക്തൃ ലിസ്റ്റിൽ പെട്ടതും കൃഷി ചെയ്യുവരുമായ ഗുണഭോക്താക്കളിൽ ഭൂരിഭാഗം പേരും വിള ഇൻഷുറൻസ് ചെയ്യുവരല്ലെന്നും എന്നാൽ കൃഷിനാശം സംഭവിച്ചിട്ടില്ലാത്തതിനാലും അന്യം നിന്നുപോകുന്ന നെൽകൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും ഉള്ള വിലയിരുത്തലിന്റേയും കൃഷി ഓഫീസറുടെ അനുകൂല അഭിപ്രായത്തിന്റേയും അടിസ്ഥാനത്തിൽ ഇൻഷുർ ചെയ്യാത്തവർക്ക് കൂടി കൂലിച്ചെലവ് നല്കുന്നതിന് കൃഷി ഓഫീസറെ ചുമതലപ്പെടുത്തി. ഇൻഷുർ ചെയ്യുവരും ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ടതുമായ പാർവ്വതി അമ്മ പുതിയോട് വയൽ, രാമകൃഷ്ണൻ എരുമംകണ്ടിയിൽ, ഷിബുകുമാർ മഠത്തിൽ, കെ.എം.ബാലൻ എന്നിവർക്കും ആനുകൂല്യം നല്കാൻ തീരുമാനിച്ചു" എന്ന് രേഖപ്പെടുത്തിക്കാണുന്നു.

(a) 3.4.2017 തിയ്യതിയിലെ സ.ഉ(എം.എസ്)80/2017/തസ്വഭവ ഖണ്ഡിക നമ്പർ 8.1 ക്രമനമ്പർ 5 പ്രകാരം വിള ഇൻഷുറൻസ് മുൻകൂറായി അടക്കുന്ന കർഷകർക്ക് മാത്രമേ കൂലിച്ചെലവ് സബ്സിഡി നല്കുവാൻ പാടുള്ളൂ.

ഇതിന് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കിയത്. മാത്രവുമല്ല വികസനകാര്യസ്റ്റാൻഡിങ് കമ്മിറ്റിയുടെ മേൽ തീരുമാനം ഭരണസമിതിയിലേക്ക് ശുപാർശ ചെയ്ത് അംഗീകാരം വാങ്ങിയതായും കാണുന്നില്ല.

(b) മേൽപരാമർശിച്ച പാർവ്വതി അമ്മ മുതലുള്ള 4 പേരുടെ പേരുകൾ നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടുകാണുന്നില്ല.

5. പ്രോജക്ട് കൃഷിയുടെ വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടത്തിയതായി കാണുന്നില്ല.

36040 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

(ii) തെങ്ങ്കൃഷി വികസനവുമായി ബന്ധപ്പെട്ട് നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കർഷകർ വാങ്ങിയ ജൈവവളത്തിന് സബ്സിഡി നല്കൽ , തെങ്ങിൻതൈ വിതരണം ചെയ്യൽ എന്നിവയാണ് നടപ്പാക്കിയത്.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 078/18 |
| പ്രോജക്ട് | തെങ്ങ്കൃഷി വികസനം |
| വകയിരുത്തിയ തുക | 10 ലക്ഷം രൂ |
| ചെലവഴിച്ച തുക | 622402 രൂ |
| ഫണ്ട് | വികസന ഫണ്ട് |

വളത്തിന് സബ്സിഡി നല്കുന്നതുമായി ബന്ധപ്പെട്ട ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ സീരിയൽ നമ്പർ ,തിയ്യതി | തുക (രൂ) |
|---|---|
| 7/5.3.18 | 459932 |
| 11/16.3.18 | 72280 |
| 12/16.3.18 | 63500 |
| 14/16.3.18 | 12822 |
| 15/22.3.18 | 3000 |
| 16/22.3.18 | 3420 |

ഏറാമല സഹകരണ ബാങ്കിന്റെ വളം ഡിപ്പോ അടക്കമുള്ള നിരവധി ഏജൻസികളിൽ നിന്നുമാണ് ഗുണഭോക്താക്കൾ വളം വാങ്ങുന്നത്. വളം വാങ്ങിയതിന്റെ കാഷ്ബിൽ അതാത് അപേക്ഷകളോടൊപ്പമാണ് വെക്കുന്നത്. എന്നാൽ ഓരോ ട്രഷറി ബില്ലിലും ആനുകൂല്യം ലഭിച്ചവരുടെ ലിസ്റ്റ് പ്രകാരമുള്ള ക്രമത്തിലല്ല കാഷ് ബില്ലുകൾ സൂക്ഷിച്ചിരിക്കുന്നത്.ഇക്കാരണത്താൽ ഗുണഭോക്താക്കൾക്ക് ലഭിച്ച സബ്സിഡി ആനുകൂല്യത്തിന്റെ നിരക്ക് , വാങ്ങിയ സാധനങ്ങൾ എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

ഓരോ ട്രഷറി ബില്ലിലും ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ ക്രമത്തിൽ അവർ വളം വാങ്ങിയ കാഷ് ബില്ലുകൾ ക്രമപ്പെടുത്തിയ ശേഷം വളം വിതരണം ചെയ്ത ഏജൻസിയുടെ പേര് , കാഷ് ബിൽ നമ്പർ , തുക , അർഹമായ സബ്സിഡി തുക എന്നിങ്ങനെ സ്റ്റേറ്റുമെന്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

## 3-3 കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തവരിൽ നിന്നും സൈക്കിൾ വാങ്ങിയില്ല

1)പ്രൊജക്ട് :എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ

പ്രൊജക്ട് നമ്പർ : 148/18

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

ബിൽ നമ്പർ,തുക : 2/23-08-2017, 42,100 /-

ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലെ 8,9,10 ക്ളാസുകളിൽ പഠിക്കുന്ന 8 എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനായി 42,100/-രൂപ മേൽ ബിൽ പ്രകാരം ചെലവാക്കിയിട്ടുണ്ട്.

| | സൈക്കിൾ | തുക | CGST | SGST | എണ്ണം | ആകെ തുക |
|---|---|---|---|---|---|---|
| 1 | BSA LadyBird(പെൺകുട്ടികൾ) | 4776 | 1719(6%) | 1719(6%) | 6 | 32100 |
| 2 | HerculesRocky(ആൺകുട്ടികൾ) | 4776 | 1719(6%) | 1719(6%) | 6 | 10000 |
| | ആകെ | | | | | 42100 |

സൈക്കിൾ വിതരണം നടത്താമെന്ന് വാഗ്ദാനം ചെയ്ത് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ക്വൊട്ടേഷനുകളുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്ന പ്രകാരമാണ്.

| | സ്ഥാപനം | ക്വോട്ട് ചെയ്ത തുക (ആൺകുട്ടികളുടെ സൈക്കിൾ) | ക്വോട്ട് ചെയ്ത തുക (പെൺകുട്ടികളുടെ സൈക്കിൾ) |
|---|---|---|---|
| 1 | Quality cycles, | HerculesRocky-5975 | BSA Breez-5650 |

| | | | |
|---|---|---|---|
| 2 | Safari trading company | (GSTഉൾപ്പെടെ)<br>Hero Nitro-4750<br>Avon Boom-4850<br>Hero cross-5000<br>(ISO സർട്ടിഫൈഡ്,ഒരു വർഷ ഫ്രയിം ഗ്യാരന്റി,<br>ഫ്രീ ഫിറ്റിംഗ്,ബെൽ,<br>ലോക്ക് ഉൾപ്പെടെ) | (GSTഉൾപ്പെടെ)<br>Hero Miss India-4850<br>Avon Sherry-4950<br>Hero cross PrettyMiss-5000<br>(ISO സർട്ടിഫൈഡ്,ഒരു വർഷ ഫ്രയിം<br>ഗ്യാരന്റി,ഫ്രീ ഫിറ്റിംഗ്,ബെൽ,ലോക്ക്,<br>ബാസ്കറ്റ്,സാരീഗാർഡ് ഉൾപ്പെടെ) |
| 3 | KN India trading company | Hero Boys cycle-5000<br>Avon Boys cycle-4890 | Hero Girls cycle-5000<br>Avon girls cycle-4990 |
| 4 | Quality cycle Centre | (GSTഉൾപ്പെടെ)<br>HerculesRocky-5000<br>(ചെയിൻ കവർ,<br>കരിയർ,സ്റ്റാൻഡ്,<br>കാലിപർ ബ്രാക്കറ്റ് ബെൽ ഉൾപ്പെടെ) | (GSTഉൾപ്പെടെ)<br>BSA LadyBird-5350<br>(ചെയിൻ കവർ,കരിയർ,<br>ബെൽ,ലോക്ക്,ബാസ്കറ്റ്,സാരീഗാർഡ് ഉൾപ്പെടെ) |

മേൽ കാണിച്ചതിൻ പ്രകാരം ISO സർട്ടിഫൈഡ്,ഒരു വർഷ ഫ്രയിം ഗ്യാരന്റി,ഫ്രീ ഫിറ്റിംഗ്,ബെൽ,ലോക്ക്,ബാസ്കറ്റ്, സാരീഗാർഡ് ഉൾപ്പെടെ ആൺകുട്ടികളുടെ സൈക്കിളിന് (Hero Nitro) 4750/-രൂപയും പെൺകുട്ടികളുടെ സൈക്കിളിന് (Hero Miss India) 4850/-രൂപ എന്നിങ്ങനെ GSTഉൾപ്പെടെ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത Safari trading company എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാതെ Quality cycle Centre എന്ന സ്ഥാപനത്തിൽ നിന്നും ആൺകുട്ടികളുടെ സൈക്കിൾ (HerculesRocky) 5000/-രൂപയും പെൺകുട്ടികളുടെ സൈക്കിൾ (BSA LadyBird) 5350/-രൂപയും വാങ്ങിയതിനാൽ ചുവടെ ചേർത്ത പ്രകാരമുള്ള അധിക ചെലവുണ്ടായിട്ടുണ്ട്.

| | വാങ്ങിയ വില ( Quality cycle Centre നിന്ന്) | | | കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത തിനാൽ വാങ്ങേണ്ടിയിരുന്ന വില ( Safari trading company നിന്ന്) | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| | സൈക്കിൾ ഒന്നിന് (GST അടക്കം) | വാങ്ങിയ എണ്ണം | ആകെ തുക | സൈക്കിൾ ഒന്നിന് (GST അടക്കം) | വാങ്ങേണ്ടിയിരുന്ന എണ്ണം | ആകെ തുക | |
| ആൺകുട്ടികളുടെ സൈക്കിൾ | 5,000 | 2 | 10,000 | 4,750 | 2 | 9,500 | 500 |

| | | | | | | | |
|---|---|---|---|---|---|---|---|
| പെൺകുട്ടികളുടെ സൈക്കിൾ | 5,350 | 6 | 32,100 | 4,850 | 6 | 29,100 | 3,000 |
| | | | 42,100 | | | 38,600 | 3,500 |

അധികം ചെലവഴിച്ച 3,500/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ ഹെഡ് മാസ്റ്ററിൽ നിന്നും ഈടാക്കേണ്ടതാണ്

## 3-4 എസ്.എസ്.എ:അപാകതകൾ

1)പ്രൊജക്ട് :എസ്.എസ്.എ വിഹിതം അടവാക്കൽ

പ്രൊജക്ട് നമ്പർ : 6/18

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

ബിൽ നമ്പർ,തുക : 1/23-08-2017, 700,000 /-

ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലേക്കുള്ള എസ്.എസ്.എ പ്രൊജക്ടുകൾക്കുള്ള പഞ്ചായത്ത് വിഹിതമായി 700,000/-രൂപ മേൽ ബിൽ പ്രകാരം അടവാക്കിയിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്തെ സ്കൂളുകൾക്ക് വേണ്ടി വിവിധ പ്രൊജക്ടുകളിലായി എസ്.എസ്.എ ചെലവഴിച്ച തുകയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ്(എം.എസ്)72/2017 ത.സ്വ.ഭ.വ തിയ്യതി.29-03-2017 അനുസരിച്ച് ഇങ്ങനെ അടവാക്കുന്ന തുകകൾ പ്രസ്തുത കാര്യത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാവാത്തതിനാലും പ്രൊജക്ടുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്തിക്കൊണ്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ടിന്റെ അഭാവത്തിലും 700,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

<u>തടസ്സം ഒഴിവാക്കാൻ സ്വീകരിക്കേണ്ട നടപടികൾ</u>

പഞ്ചായത്ത് പ്രദേശത്തെ സ്കൂളുകൾക്ക് വേണ്ടി വിവിധ പ്രൊജക്ടുകളിലായി എസ്.എസ്.എ ചെലവഴിച്ച തുകയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ചെലവഴിച്ച തുകകൾ പ്രസ്തുത കാര്യത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് മോണിട്ടറിംഗ് സമിതി വിലയിരുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 3-5 വിദ്യാഭ്യാസ മേഖലയിലെ പ്രൊജക്ടുകൾ:ഇരട്ടിപ്പ് വരുന്നില്ലെന്ന് ഉറപ്പുവരുത്തുന്നില്ല

സർക്കാർ ഉത്തരവ്(എം.എസ്)72/2017 ത.സ്വ.ഭ.വ തിയ്യതി.29-03-2017 അനുസരിച്ച് പഞ്ചായത്തുകൾ വിദ്യാഭ്യാസ മേഖലയിലെ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ എസ്.എസ്.എ തയ്യാറാക്കുന്ന പ്രൊജക്ടുകളുമായി ഇരട്ടിപ്പ് വരുന്നില്ലയെന്ന് കൃത്യമായി ഉറപ്പ് വരുത്തേണ്ടതാണ്.എന്നാൽ വിദ്യാഭ്യാസ മേഖലയിലെ പ്രൊജക്ട് തയ്യാറാക്കുമ്പോൾ സ്റ്റാന്റിംഗ് കമ്മറ്റികളോ വർക്കിംഗ് ഗ്രൂപ്പുകളോ പ്രൊജക്ട് രൂപീകരണത്തിന്റെ യാതൊരു ഘട്ടങ്ങളിലും എസ്.എസ്.എ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രൊജക്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കി പ്രൊജക്ട് രൂപീകരണത്തിൽ ഇരട്ടിപ്പ് വരുന്നില്ലെന്ന് ഉറപ്പു വരുത്തിയിട്ടില്ല.ഭാവിയിൽ വിദ്യാഭ്യാസ മേഖലയിലെ പ്രൊജക്ടുകൾ ഏറ്റെടുക്കുമ്പോൾ ഇത്തരം അപാകതകൾ ഒഴിവാക്കി എസ്.എസ്.എ തയ്യാറാക്കുന്ന പ്രൊജക്ടുകളുമായി ഇരട്ടിപ്പ് വരുന്നില്ലയെന്ന് കൃത്യമായി ഉറപ്പ് വരുത്തേണ്ടതാണ്.

## 3-6 വിവാഹധനസഹായം നൽകുന്നതിൽ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

18.12.2017ലെ ശ്രീമതി.രാധ, കണ്ണാശ്ശേരി, വൈക്കിലശ്ശേരി പി.ഒ എന്നവരുടെ സാധുക്കളായ വിധവകളുടെ പെൺകുട്ടികളുടെ വിവാഹധനസഹായത്തിനുള്ള എ 4 /7697 /17 നമ്പർ അപേക്ഷ, 23.01.2018ലെ ശ്രീമതി.പത്മജ.കെ, വാപ്രത്ത്താഴെ കുനിയിൽ, രയരങ്ങോത്ത് പി.ഒ എന്നവരുടെ എ4/474/178നമ്പർ അപേക്ഷ മേൽ അപേക്ഷകളിൽ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ അന്വേഷണ റിപ്പോർട്ട് വിവാഹധനസഹായത്തിനു അർഹതയുണ്ടെന്നാണ്. എന്നാൽ അപേക്ഷയോടൊപ്പം 30,000/- രൂപയുടെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയ ശ്രീമതി. രാധ എന്നവർക്ക് വിവാഹധനസഹായം അനുവദിക്കുകയും 24,000/- രൂപയുടെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയ ശ്രീമതി. പത്മജ എന്നവർക്ക് 19.01.2019ലെ ഭരണസമിതി തീരുമാനം 4/2019 പ്രകാരം വരുമാനം

20,000/-രൂപയിൽ കൂടുതലാണ് എന്ന കാരണത്താൽ വിവാഹധനസഹായം അനുവദിക്കാതിരിക്കുകയും ചെയ്തതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപെട്ട് നൽകിയ അന്വേഷണകുറിപ്പ് (11/17-18)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മാനദണ്ഡങ്ങൾ വ്യാഖ്യാനിക്കുന്നതിൽ ഐക്യരൂപമില്ലാത്തത് വിശദീകരിക്കേണ്ടതാണ്.

## 3-7 ആട്ട വിതരണം:കൈപ്പറ്റ് രശീതി വാങ്ങി സൂക്ഷിച്ചില്ല

1)പ്രൊജക്റ്റ് :ആട്ടവളർത്തൽ(വനിത)

പ്രൊജക്റ്റ് നമ്പർ :65/18

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

ബിൽ നമ്പർ,തുക : 7/17-03-2018, 180,000 /-

ചെക്ക് നമ്പർ,തുക : 9726162/16-03-2018, 180,000 /-

മേൽ പ്രൊജക്റ്റ് പ്രകാരം ആട് വിതരണം പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.30ഗുണഭോക്താക്കൾക്ക് 2ആട്ടകൾ വീതം മൊത്തം 60 ആട്ടകളെ വാങ്ങിയതിന് ഒരു ആടിന് 6000/-രൂപ നിരക്കിൽ ആകെ 360,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനായി വികസനഫണ്ടിൽ നിന്നും 180,000 /-രൂപ ബിൽ നമ്പർ 7/17-03-2018 പ്രകാരവും 180,000 /-രൂ ചെക്ക് നമ്പർ 9726162/16-03-2018 പ്രകാരം 180,000 /-രൂപയും അടക്കം ആകെ 360,000/-രൂപ അഷ്റഫ്,ചെറിയപുത്തലത്ത്,തിരുവള്ളൂർ എന്ന ആൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക നൽകപ്പെട്ട അഷ്റഫിൽ നിന്നും കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്

## 3-8 തെരുവു വിളക്കുകൾ സ്ഥാപിക്കൽ - അപാകതകൾ

പ്രോജക്റ്റ് - തെരുവു വിളക്ക് സ്ഥാപിക്കൽ 5/18

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 300000 ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് - 300000 ബിൽ 3/17-18 25.6.18

16800 ചെക്ക് 1930592/22.12.2017 (മുൻവർഷം നൽകിയത്)

ആകെ 316800 രൂപ

തെരുവു വിളക്കുകൾ നിലവിലില്ലാത്ത പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിനാണ് പ്രോജക്റ്റ് തയ്യാറാക്കിയത്. ടെണ്ടർ ക്ഷണിച്ച് കുറവ് നിരക്ക് ക്വാട്ട് ചെയ്ത വടകര ഇലക്ട്രിക്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയിൽ നിന്നും 2 x 15 വാട്ട് സാധാരണ എൽ ഇ ഡി ലൈറ്റുകൾ 110 എണ്ണവും 2 x 15 വാട്ട് ഓട്ടോമാറ്റിക്ക് എൽ ഇ ഡി ലൈറ്റുകൾ 88 എണ്ണവും (ആകെ 198)വാങ്ങി. പ്രോജക്റ്റ് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. ലൈറ്റുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ കെ എസ് ഇ ബിയിൽ നിന്നും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി നടത്തുന്നതിന് കെ എസ് ഇ ബി യിൽ നിന്നും രേഖാമൂലം അനുമതി ലഭ്യമാക്കിയിട്ടില്ല.
2. ലൈറ്റുകൾ സ്ഥാപിച്ചതിന് വാർഡ് മെമ്പർമാരിൽ നിന്നും പോസ്റ്റ് നമ്പർ സഹിതമുള്ള സാക്ഷ്യപത്രം/ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.
3. സാധാരണ ലൈറ്റിന് സ്ഥാപിക്കുന്നതിനുള്ള ചെലവടക്കം 1540 രൂപ നിരക്കിലും (110 x 1540=169400) ഓട്ടോമാറ്റിക്ക് ലൈറ്റിന് സ്ഥാപിക്കുന്നതിനുള്ള ചെലവടക്കം 1675 രൂപയുമടക്കം (88 x 1675=147400) ആകെ 316800 രൂപയുടെ ബില്ലാണ് സ്ഥാപനം ഹാജരാക്കിയത്. (ഇൻവോയ്സ് 23/തിയ്യതിയില്ല) നൽകിയ ബിൽ നിർദ്ദിഷ്ട ഫോറം 8 മാതൃകയിലുള്ളതല്ല. വാറ്റ്/ജിഎസ്.ടി പ്രത്യകം രേഖപ്പെടുത്തിയിട്ടില്ല. ഇത്തരം ബില്ലുകളിൽ പഞ്ചായത്ത് ജിഎസ്.ടി റിക്കവറി നടത്തി അടവാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ചെയ്തിട്ടില്ല.

അപാകതകളുടെ അടിസ്ഥാനത്തിൽ 316800 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതും സർക്കാരിലേക്ക് അടവാക്കേണ്ട ജിഎസ് ടി തുക സ്ഥാപനത്തിൽ നിന്നും ഈടാക്കി അടവാക്കേണ്ടതുമാണ്.

## 3-9 തെരുവു വിളക്ക് മീറ്റർ സ്ഥാപിക്കൽ - അപാകതകൾ

പ്രോജക്ട് - 4/18 തെരുവു വിളക്ക് മീറ്റർ സ്ഥാപിക്കൽ

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 1994275 വികസന ഫണ്ട്

ചെലവ് 1994275 ബിൽ 2/17-18 25.6.17

തെരുവു വിളക്ക് സ്ഥാപനത്തിനായി സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനും മീറ്റർ സ്ഥാപിക്കുന്നതിനുമാണ് മേൽ പ്രോജക്ട്. എന്നാൽ ആയതിന് സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റ് പഞ്ചായത്ത് ലഭ്യമാക്കിയില്ല. ഓഡിറ്റ് സമയത്ത് അപാകത ചൂണ്ടിക്കാണിച്ചതനുസരിച്ച് പഞ്ചായത്ത് ആവശ്യപ്പെട്ടതിനനുസരിച്ച് പ്രസ്തുത എസ്റ്റിമേറ്റ് കെഎസ്ഇബി പഞ്ചായത്തിന് നൽകി. പ്രവൃത്തിക്കായി കെഎസ്ഇബിയുമായി കരാർ ചമച്ചിട്ടില്ല. പഞ്ചായത്ത് വാർഷിക കണക്കിനോടൊപ്പം ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 2013-14 മുതൽ 2017-18 വരെ 47 ലക്ഷത്തിലധികം രൂപ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി കെ.എസ്.ഇ.ബി.ക്ക് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയ വിവരം/ ഭൗതിക നേട്ട റിപ്പോർട്ടും സമർപ്പിച്ചിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു

| പ്രവൃത്തി | വർഷം | മുൻകൂർ നൽകിയ തുക (ഡെപ്പോസിറ്റ്) | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|
| തെരുവു വിളക്ക് മീറ്റർ സ്ഥാപിക്കൽ മുട്ടുങ്ങൽ സെക്ഷൻ | 2013-14 | 10,25,000 | 10,25,000 |
| തെരുവു വിളക്ക് മീറ്റർ സ്ഥാപിക്കലും ലൈൻ വലിക്കലും മുട്ടുങ്ങൽ സെക്ഷൻ രണ്ടാം ഘട്ടം | 2014-15 | 11,71,740 | 11,71,740 |
| തെരുവു വിളക്ക് മീറ്റർ സ്ഥാപിക്കൽ ഓർക്കാട്ടിരി സെക്ഷൻ | 2015-16 | 5,00,000 | 5,00,000 |
| തെരുവു വിളക്ക് മീറ്റർ സ്ഥാപിക്കൽ ഓർക്കാട്ടിരി സെക്ഷൻ | 2016-17 | 47,692 | 47,692 |
| തെരുവു വിളക്ക് മീറ്റർ സ്ഥാപിക്കൽ ഓർക്കാട്ടിരി സെക്ഷൻ | 2017-18 | 19,94,275 | 19,94,275 |

2017-18 വാർഷിക കണക്കിൽ മേൽ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ പ്രവൃത്തികൾ ഊർജ്ജത്തിന്റെ ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തിക്കാണുന്നില്ല.

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം വിശദമായ മൂല്യനിർണ്ണയ വിവരമടക്കം കെ.എസ് ഇ ബി യിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

## 3-10 തനത് ഫണ്ടിൽ നിന്നുള്ള കണ്ടിൻജന്റ് ചെലവുകൾ - അപാകതകൾ

കണ്ടിൻജന്റ് വൗച്ചറുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു

1. അജ്ഞാത മൃതശരീരങ്ങളുടെ സംസ്കാരം - പോലീസ് റിപ്പോർട്ടില്ല

വൗച്ചർ 21700143/31.5.17 3900 രൂപ

അജ്ഞാത മൃതശരീരങ്ങൾ സംസ്കരിക്കുന്നതിനു മുൻപ് പോലീസിലറിയിക്കേണ്ടതും പോലീസിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്നാൽ മേൽ വൗച്ചറുകൾ പ്രകാരം ചെലവുകൾ നടത്തിയതിൽ പോലീസിനെ അറിയിച്ചതായ വിവരമില്ല.

2. മീറ്റിങ്ങുകളിലെ ഭക്ഷണ ചെലവ് - ബിൽ പരിശോധിക്കാതെ തുക നൽകി

21700022/10.4.17 – 14090/- രൂപ.

2017 ജനവരി ഫെബ്രുവരി മാസങ്ങളിൽ പഞ്ചായത്ത് മീറ്റിങ്ങുകളിൽ ഭക്ഷണം വിതരണം ചെയ്തതിന് രമ്യ ഫാസ്റ്റ് ഫുഡിനാണ് മേൽ തുക നൽകിയത്. ആയതിൽ 20.2.17 ൽ ഉച്ചഭക്ഷണം നൽകിയതിന്റെ കണക്കിൽ 45x16=3375 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 45 രൂപ നിരക്കിൽ 16 പേർക്ക് ഉച്ചഭക്ഷണം നൽകിയതിന് 720 രൂപ നല്കുന്നതിന് പകരം 3375 രൂപ നൽകിയതിനാൽ 2655 രൂപ അധികം നൽകാനിടയായി. കൂടാതെ 16.1.17, 17.1.17, 23.1.17, 3.2.17, 9.2.17 23.2.17, 28.2.17 എന്നീ തിയ്യതികളിൽ നടന്ന സ്റ്റാന്റിംഗ് കമ്മറ്റികളിൽ പത്തൊൻപതും ഇരുപതും പേർക്ക് ഭക്ഷണം നൽകിയതായും കാണുന്നു. എന്നാൽ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പ്രകാരം 3, 4 ആളുകൾ മാത്രമാണ് യോഗങ്ങളിൽ പങ്കെടുക്കുന്നത്.

അപാകതകൾക്ക് മറുപടി നൽകേണ്ടതും അധിക തുക അനർഹമായി നൽകിയത് തിരിച്ചു പിടിക്കേണ്ടതുമാണ്

## 3-11 മുൻകൂറുകൾ വർഷങ്ങളായി ക്രമീകരിക്കുന്നില്ല

മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 1984 മുതലുള്ള മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കണ്ടു. മുൻകൂർ രജിസ്റ്റർ പ്രകാരം ക്രമീകരിക്കാനവശേഷിക്കുന്ന യാത്രാ ബത്ത, ഓണം മുൻകൂറുകളുടെ വിവരം താഴെ പറയുന്നു.

| ക്രമ നം | ഇനം | വൗച്ചർനം. തിയ്യതി | തുക | മുൻകൂർ കൈപ്പറ്റിയ ആൾ |
|---|---|---|---|---|
| 1 | യാത്രാ ബത്ത | 21400150/15.5.14 | 1000 | എ.വി.മുസ്തഫ, സെക്രട്ടറി |
| | മുൻകൂർ | 21400101/23.2.15 | 1000 | |
| | | 21500689/13.1.16 | 1000 | |
| | | 21600455/28.10.16 | 1000 | |
| | | വൗച്ചർ നം. ഇല്ല | 1000 | ശ്രീജേഷ്.വി.കെ |
| | | 8/2 2/12 | 800 | ഷിബു.കെ.പി |
| | ഇനം വ്യക്ത മാക്കിയില്ല | വൗച്ചർ നം. ഇല്ല | 4000 | സുനിൽദത്ത് കുമാർ.പി |
| | ഓണം മുൻകൂർ | വൗച്ചർ നം. ഇല്ല | 8500 | രാജീവൻ പുനത്തിൽ |
| | | 192/26.8.2000 | 2100 | ശശികുമാർ എൽ ഡി സി |
| | | 404/3.3.1984 | 60 | കെ.എം.അശോകൻ |
| | | ആകെ | 20460 | |

മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുകയോ തിരിച്ചടയ്ക്കുകയോ ചെയ്യാത്തതിനാൽ നിയമാനുസൃത പിഴ സഹിതം തിരിച്ചു പിടിച്ച് അറിയിക്കേണ്ടതാണ്.

## 3-12 ശമ്പള പരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ അടിസ്ഥാനശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം വർദ്ധിപ്പിച്ച അടിസ്ഥാനശമ്പളത്തിന് ആനുപാതികമായി ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. 1, 2 ഗഡുക്കൾ അനുവദിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 1,2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ്

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 18020 | നെൽകൃഷിക്ക് കൂലി | 18020 | |
| | | 200000 | അംഗൻവാടി പൂരക പോഷകാഹാരം | 200000 | |
| | | 50000 | ബഡ്സ് സ്കൂൾ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | | 50000 |
| | | 832500 | ജെറിയാട്രിക്ക് ക്ലിനിക്ക് | | 832500 |
| | | 187500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 187500 | |
| | | 250000 | പാലിന് ഇൻസൻറീവ് വനിത | 250000 | |
| | | 250000 | പാലിന് ഇൻസൻറീവ് | 250000 | |
| ജില്ലാ പഞ്ചായത്ത് | | 187500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 93750 | 93750 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | തെരുവു വിളക്ക് മീറ്റർ സ്ഥാപിക്കൽ | | 1994275 | - | 1994275 |

മുൻവർഷങ്ങളിലെ മേൽ ആവശ്യത്തിന നൽകിയ തുകയുടെ വിനിയോഗം സംബന്ധിച്ച് മൂന്നാം ഭാഗത്തിൽ

പരാമർശിച്ചിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം വിവിധ മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 13,89,275/- രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്ത മുൻകൂറുകളുടെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് അക്രഡിറ്റഡ് ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി | നെല്ല്യങ്കര അംഗൻവാടി | 31/17-18 | 62500 | | 62500 |
| 2 | | 75 നമ്പർ അംഗൻവാടി | 32/17-18 | 41775 | | 41775 |
| 3 | | 81 നമ്പർ അംഗൻവാടി അറ്റകുറ്റപ്പണി | 33/17-18 | 62500 | | 62500 |
| 4 | | പുത്തലത്ത് താഴെ ക്വാട്ടേഴ്സ് പെരുമന വഴി താഴത്ത് മുക്ക് റോഡ് | 34/17-18 | 92154 | | 92154 |
| 5 | | പുത്തലത്ത് താഴെ ക്വാട്ടേഴ്സ് പെരുമന വഴി താഴത്ത് മുക്ക് റോഡ് | /17-18 | 120346 | | 120346 |
| 6 | | മുട്ടുങ്ങൽപാറ വാഴയിൽ പീടിക ഭരണിക്കുൽമുക്ക് റോഡ് | 38/17-18 | 117500 | | 117500 |
| 7 | | വാഴയിൽ മുക്ക് കമ്മാടത്തിൽ മുക്ക് റോഡ് | 42/17-18 | 127500 | | 127500 |
| 8 | പ്രേമലത | 69 നമ്പർ അംഗൻവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | 25/17-18 | 75000 | | 75000 |
| 9 | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി | ചെമ്മച്ചേരി മുക്ക് മത്തത്ത്പാലം എടയത്ത് മുക്ക് റോഡ് | 51/17-18 | 137500 | | 137500 |

| | | | | | | |
|---|---|---|---|---|---|---|
| 10 | | ഇല്ലിമുക്ക് മഠത്തിൽമുക്ക് റോഡ് റീ ടാറിങ്ങ് | 50/17-18 | 162500 | | 162500 |
| 11 | | പുതുശ്ശേരിമുക്ക് എൻഎച്ച് റോഡ് | 44/17-18 | 40000 | | 40000 |
| 12 | ദാമോദരൻ | വൈക്കിലശ്ശേരി പുന്നോറ വീട്ടിൽ താലാമ്മ സ്മാരക അംഗൻവാടി | 49/17-18 | 37500 | | 37500 |
| 13 | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി | പുത്തൻതെരു മൂളിയേരി താഴെ റോഡ് ടാറിങ്ങ് | 46/17-18 | 117500 | | 117500 |
| 14 | | പാറേമ്മൽ മുക്ക് 4 സെന്റ് കോളനി റോഡ് | 45/17-18 | 75000 | | 75000 |
| 15 | | വൈക്കിലശ്ശേരി യുപി സ്കൂൾ -കേളോത്ത്റോഡ് | 44/17-18 | 120000 | | 120000 |

പ്രവൃത്തി പൂർത്തീകരിച്ച് മുൻകൂർ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചിട്ടുണ്ട്. വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന പദ്ധതി | 51613/DB /1/14/LSGD | | 9532000 | 1906640 | 1450000 | 7625360 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25797063 |
| തൻവർഷം നിക്ഷേപിച്ച തുക | 2644199 |

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25797063 |
| ആകെ | 28441262 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 28441262 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ചോറോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്-ചോറോട് FD 28664 | 6063750 |
| ചോറോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്-ചോറോട് FD 28665 | 6063750 |
| ചോറോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്-ചോറോട് FD 28666 | 6005387 |
| ചോറോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്-ചോറോട് FD 28667 | 4244625 |
| ചോറോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്-ചോറോട് FD 28668 | 6063750 |
| ആകെ | 28441262 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 13160/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2-4(3) | 12500 | എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ വടകര | 117020500002 12.4.17 |
| 2015-16 | 2-6 | 460 | മുഹമ്മദ് ബഷീർ മണിയോത്ത് | 117020103379 25.7.17 |
| 2015-16 | 2-3(3) | 200 | ടി ഇന്ദിര ശ്രീനിലയം | 117020101071 14.6.17 |
| | | 13160 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | | 2003-04 മറ്റ് | 11.4 | ചാത്താംകണ്ടിതെരു | |

| | | | | | |
|---|---|---|---|---|---|
| | | പരാമർശം | | ശ്മശാനം റോഡ് | |
| 2000-01 | | 2003-04 മറ്റ് പരാമർശം | 11.14 | മന്നത്താഴ ചെമ്മഞ്ചേരി റോഡ് | |
| 2000-01 | | 2004-05 പൊതു പരാമർശം | 11.1.3.18 | നികുതി പിരിവ് അലംഭാവം | |
| | | 2013-14 | 5.1.5.4 | പൊതു കിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല | |
| | | 2013-14 | 5.1.5.6 | ജലസ്രോതസ്സുകളിൽ കയ്യേറ്റം | |
| | | 2013-14 | 5.1.5.11 | കുടിവെള്ള പദ്ധതി പ്രവർത്തനരഹിതം | |
| 2014-15 | 2-2,2-3 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |

## **4-8** ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## **4-9** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 81018390 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 104074478 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1052840 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 3500 | ശ്രീ.ഗോപിനാഥൻ.കെ.ടി. ഹെഡ് മാസ്റ്റർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2(1) | 36040 | ശ്രീമതി നീതു പ്രഭാകർ, കൃഷി ഓഫീസർ |
| 3-4 | 700000 | ശ്രീ.ഗോപിനാഥൻ.കെ.ടി. ഹെഡ് മാസ്റ്റർ |
| 3-8 | 316800 | ശ്രീ.ഗോപിനാഥൻ.പി. സെക്രട്ടറി ( ഇൻചാർജ്ജ്) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഗോപിനാഥൻ.കെ.ടി. ഹെഡ് മാസ്റ്റർ | വിരമിച്ചു | കണ്ടിയിൽ താഴെ മേമുണ്ട 673104 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90, 90-91 | എൽ.എഫ്.കെ.കെ.ഡി/പി 5/559/10 തീയതി 15.07.2010 | 7 |
| 1991-92 | എൽ.എഫ്.കെ.കെ.ഡി/പി 5/560/10 | 8 |
| 1992-93,93-94 | എൽ.എഫ്.കെ.കെ.ഡി/എസ്2/ 1227/94 തീയതി 27.04.1995 | 7 |
| 1995-96 | എൽ.എഫ്.കെ.കെ.ഡി/പി 5/144/96 തീയതി 02.01.1997 | 2 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി 5/1170(3) /13തീയതി 23.08.2013 | 4<br>13, 33, 34, 37 |
| 2000-01 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി/പി 5/1170(6) /13തീയതി 23.08.2013 | 6<br>(9(1), 9(3), 10,11,12,13 |
| 2001-02 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി/പി 5/1170(8) /13തീയതി 23.08.2013 | 4<br>(7(1), 7(2), 8, 9(2) |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി 5/1170(9) /13തീയതി 23.08.2013 | 1<br>3(1) |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി 5/1170(10) /13തീയതി 23.08.2013 | 13<br>2(1),2(2),2(3),3(1),3(2),3(3), 3(4),3(7), 3(9),3(10), 3(12),3(13), 3(14) |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/എസ്1/1214/08 തീയതി 30.04.2009 | 13 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.കെ.കെ.ഡി/എസ്1/1225/08 തീയതി 30.04.2009 | 9 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/എസ്1/706/09 തീയതി 22.01.2010 | 15 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി 5/1195/11 തീയതി 12.10.2011 | 22 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി 5/781/12 തീയതി 12.06.2012 | 8 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി 5/782/12 തീയതി 12.06.2012 | 14 |
| 2010-11,2011-12 | എൽ.എഫ്.കെ.കെ.ഡി/പി 5/895/14 തീയതി 06.08.2014 | 12<br>2-2,2-7(2), 3-2,3-3,3-4, 3-6, 3-7, 3-8, 3-10, 3-14, 3-15, 3-16 |
| 2012-13,13-14 | കെ.എസ്.എ.കെ.കെ.ഡി/പി 5/858/15 തീയതി 03.08.2015 | 21 |
| 2014-15 | നം.കെ.എസ്.എ/കെ.കെ.ഡി/പി 6 /991 /2016 | 11 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി6/97/2017 | 29 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി6/1634/17 തീയതി 17.1.18 | 2-1,2-2,2-3,2-4, 3-1,3-2,3-3,3-4,3-5, 3-6, 3-8,3-9,3-10, 3-12, 3-13,3-14,3-15 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചോറോട് ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്